# മയിൽപ്പീലിയും വാഷിങ്ങ് മെഷീനും

ഗോപാലകൃഷ്ണൻ എം. എ.,പി.എച്ച്.ഡി. ആയിരുന്നു എന്റെ കാമുകൻ. ചന്ദനക്കുറി തൊടുകയും അമ്പലത്തിൽ മുറയ്ക്കു പോവുകയും ഭാര്യയെ സ്നേഹിക്കുകയും ചെയ്യുന്നയാൾ. സുഹൃത്തുക്കളുടെ ഇടയിൽ വളരെ നല്ല ഒരു പദവിയാണ് ഗോപാലകൃഷ്ണനുണ്ടായിരുന്നത്. അന്യരുടെ ദു:ഖത്തിൽ സഹതപിക്കുകയും വേണ്ട സഹായങ്ങൾ അതതു സമയത്തു വേണ്ടപോലെ എത്തിക്കുകയും ചെയ്യുന്ന ഒരയൽക്കാരൻ. കാര്യങ്ങൾ നടത്താൻ നല്ല ശേഷിയും ശേമുഷിയും ഉള്ളയാളായിരുന്നു ഗോപാലകൃഷ്ണൻ. ഞാൻ എന്ന ലീന വർഗീസിന്, സ്ത്രീയും സ്വാഭാവികമായി അല്പയും അജ്ഞയും ആയ എനിക്ക് ഗോപാലകൃഷ്ണനെ ഇഷ്ടമായത് അതുകൊണ്ടാണ്. എനിക്കില്ലാത്ത ഒരുപാടു കഴിവുകളും ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. പിന്നെ ആരെയും നേരിടാനുള്ള തന്റേടവും, അതു ദൈവത്തിലുള്ള അകൈതവമായ വിശവാസം കൊണ്ടാണ് എന്നാണ് ഗോപാലകൃഷ്ണൻ പറയാറ്, മാനംമര്യാദയ്ക്കു ജീവിക്കുന്നവർക്ക് എന്തിനാണു പേടി എന്നു ഗോപാലകൃഷ്ണൻ ചോദിക്കും. എനിക്കത് ആദ്യമൊക്കെ കുറെ നൂലാമാലയായി തോന്നി. ഞാൻ ഉറക്കെ ചിരിക്കുന്നത്. ഒറ്റയ്ക്ക് ഒഴിഞ്ഞ വഴികളിലൂടെ നടക്കാൻ പോകുന്നത് റോഡ് വക്കത്തുനിന്ന് മുടിചീകുന്നത്. ഫുട്ബോൾസ്റ്റേഡിയത്തിൽവച്ചു ജനക്കൂട്ടത്തോടൊപ്പം ആർത്തുവിളിക്കുന്നത് അങ്ങനെ പലതും ഗോപാലകൃഷ്ണന്റെ അഭിപ്രായത്തിൽ മോശമായ, ഞാനടക്കമുള്ള പെൺകുട്ടികൾ ചെയ്യരുതാത്തതായ കാര്യങ്ങളാണെന്നു ഗോപാലകൃഷ്ണൻ പറഞ്ഞു. വാസ്തവത്തിൽ ഇതൊക്കെ എനിക്ക് വളരെ ഇഷ്ടമുള്ള കാര്യങ്ങളായിരുന്നു. എന്തുകൊണ്ടിതൊക്കെ മോശമായി എന്നു ഗോപാലകൃഷ്ണനോടു പലവട്ടം ചോദിച്ചിട്ടുണ്ട്. കുട്ടികൾക്ക് ഇതൊന്നും പറഞ്ഞാൽ മനസിലാവില്ല എന്നു ഗോപാലകൃഷ്ണൻപറയും.ഞാൻകുട്ടിയായിരുന്നില്ല, ഒറ്റയ്ക്ക് ജോലിയെടുത്തജീവിക്കുന്നസ്ത്രീയായിരുന്നു. ഒരു മുറിയിൽ പേയിംഗ്ഗസ്റ്റായിസ്വതന്ത്ര ജീവിതം നയിക്കുന്ന,പതിനൊന്നുമണിക്ക് ഉണരുകയും നാലുമണിക്ക് ഊണു കഴിക്കുകയും ഒക്കെ ചെയ്യുന്ന ഒരു സ്ത്രീ. എന്റെ വീട്ടിൽ ഉടമസ്ഥൻ മാത്രമാണ് ഞാനല്ലാതെ ഉണ്ടായിരുന്നത്. ഗോപാലകൃഷ്ണൻ എന്നെ പരിചയപ്പെടുന്നതിന് എത്രയോ മുൻപു തന്നെ ഞാനിങ്ങനെയൊക്കെയാണുജീവിച്ചിരുന്നതും.

''അയാൾ തന്നെ ബലാൽസംഗം ചെയ്യാൻ വന്നാലോ ?'' താനും ഉടമസ്ഥനും ആ വീട്ടിൽ തനിച്ചാണു താമസംഎന്നറിഞ്ഞ ദിവസം ഗോപാലകൃഷ്ണൻഎന്നോടു ചോദിച്ചു.

''അപ്പോഴത്തെതരംപോലെചെയ്യും.''ഞാൻസത്യമായിത്തന്നെയാണ്പറഞ്ഞത്.

''ലീനയ്ക്കു മോശമല്ലേ അത് ?'' ഗോപാലകൃഷ്ണൻ നിലത്ത് അകലെ ഒരു ബിന്ദുവിലേക്കു നോക്കി. '' ഈകൂട്ടുവാസം ഒഴിവാക്കിക്കൂടേ ?''

എന്റെ വീട്ടുടമസ്ഥൻ ആൽബർട്ട് അതുവരെ എന്നെ ഒന്നു നോക്കുകപോലും ചെയ്തിരുന്നില്ല. ജോലി സമയത്തിന്റെ പ്രത്യേകതകൾ കാരണം ഞങ്ങൾ അപൂർവമായാണ് കണ്ടുമുട്ടിയിരുന്നതു തന്നെ. ഗോപാലകൃഷ്ണൻ ചോദിച്ചപ്പോൾ,ഞാനതുകൊണ്ട് പൊട്ടിച്ചിരിച്ചു.

''ഞാൻഅയാളെയാണുബലാൽസംഗം ചെയ്യുന്നതെങ്കിലോ ? മോശംഅയാൾക്കാവുംഅല്ലേ!അതാവും അയാൾ എന്നെ കാണാതെ നടക്കുന്നത്.'' ഇത്തരം തമാശപറയലുകളൊന്നും ഗോപാലകൃഷ്ണന് അത്ര പിടിക്കാറില്ല. ഞാനായതുകൊണ്ട് ക്ഷമിക്കുകയാണ് എന്നാണു പറയാറ്. ഏതായാലും ഞങ്ങൾ പരിചയപ്പെട്ടതിന്റെ രണ്ടാമത്തെ മാസമാവുമ്പോഴേക്കും ഒരു ചെറിയ ഒറ്റമുറി ക്വാർട്ടേഴ്സ് എനിക്കു വേണ്ടി ഗോപാലകൃഷ്ണൻ ഒപ്പിച്ചെടുത്തു. അഡ്മിനിസ്ട്രേഷനിൽ പലരുമായും ഗോപാലകൃഷ്ണൻ വളരെ വേണ്ടികയുണ്ടായിരുന്നതു കാരണം അതൊരു വലിയ പ്രശ്നമായില്ല എന്നാണ് ഗോപാലകൃഷ്ണൻ പറഞ്ഞത്. ആരോരുമില്ലാത്ത ഒരു പെൺകുട്ടിയുടെ മൊറാലിറ്റിയുടെ പ്രശ്നമായതിനാൽ എല്ലാവരും വളരെ സഹകരണത്തോടെയാണരേത പെരുമാറിയത്. എന്റെ വീട്ടുടമസ്ഥനെ പക്ഷേ, അതോടെ ആൾക്കാർ സംശയത്തോടെ നോക്കാൻ തുടങ്ങി. എനിക്കു യാതൊരു പ്രത്യേകതയുമില്ലെങ്കിലും അയാൾ തല താഴത്തി നടക്കുന്നത് കാണേണ്ടി വന്നപ്പോൾ വിഷമം തോന്നി. പല തവണ അപേക്ഷിച്ചിട്ടായിരുന്നു എന്നെ ഒരു പേയിംഗ്ഗസ്റ്റായിഅയാൾതാമസിപ്പിക്കാൻസമ്മതിച്ചത്.

''ഇതു വേണ്ടായിരുന്നു.'' ഞാൻ ഗോപാലകൃഷ്ണനോട് പറഞ്ഞു. ''അയാളൊരു പാവമാണ്. എന്നെ ബലാൽസംഗം ചെയ്യില്ല.''

''ഇതാണു ലീനയ്ക്കു തീരെ വളർച്ചയെത്തിയിട്ടില്ലെന്നു പറയുന്നത്.'' ഗോപാലകൃഷ്ണനു ശണ്ഠി വന്നു. 'പുരുഷന്മാരുടെ മനസ്സ്ലീനയ്ക്കറിയില്ല.'.

മനസ്സിനെക്കുറിച്ച്എനിക്ക് വലിയ പിടിപാടൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ അവർ പുറമേ ചെയ്യുന്ന കാര്യങ്ങൾകുറെയൊക്കെഅറിയാമായിരുന്നു. നഗരത്തിൽതീവണ്ടിയിൽകയറുമ്പോൾപിന്നിൽനിന്നുപിച്ചും. ബസ്സിൽ തൂങ്ങിപ്പിടിച്ചു നിൽക്കുമ്പോൾ ബാറിൽ പിടിച്ച കൈയ്ക്കുമീതെ അവരുടെ കൈ അമർത്തിവച്ചര് ഞെരുക്കും. പിന്നിൽനിന്ന് ദേഹത്തിൽ അമർത്തും. തല താഴ്ത്തി നടക്കുന്ന മധ്യവയസ്കർ ആരും അടുത്തില്ല

എന്നു കണ്ടാൽ തല ഉയർത്തി നാവുകൊണ്ടും മുഖംകൊണ്ടും ആഭാസകരമായ ആംഗ്യങ്ങൾ കാട്ടും. പിച്ചലിന്റെയും ഞെരുക്കലിന്റെയും വേദന മാറ്റിനിർത്തിയാൽ ഇത്തരം ആൾക്കാരോട് ഒരുതരം സഹതാപം തോന്നിത്തുടങ്ങിയിരുന്നു എനിക്ക്. സ്ലീവ്‌ലസ് ബ്ളൗസിട്ട് ബസ്സിൽ ഇരുന്ന എന്റെ മിനുസമാർന്ന വെളുത്ത കൈയിൽ തന്റെ പുരുഷത്വം ഉരസി നിർവൃതിയടയുന്ന ഒരു വയസനെപ്പറ്റി ഞാൻ ഗോപാലകൃഷ്ണനോടു പറഞ്ഞു. ''ഛെ,ഛെ.''ഗോപാലകൃഷ്ണൻപറഞ്ഞു:'ലീനയ്ക്ക്ആരോട്എന്തുപറയണംഎന്നറിയില്ല.'

''ഞാനല്ല, അയാളാണതു ചെയ്തത്'' ഗോപാലകൃഷ്ണന്റെ ശുണ്ഠിവന്ന മുഖത്തു നോക്കി ഞാനുറക്കെ ചിരിച്ചു.

''എന്നോടെന്തിനാ ദേഷ്യംവരുന്നത്?''

''എന്നിട്ട്ലീനഒന്നുംമിണ്ടിയില്ലേ ?''

''അതെങ്ങനെ ? നല്ലകുട്ടിയാവണ്ടേ ?''

ഞാൻ തമാശയോടെ പറഞ്ഞു: ''പക്ഷേ നോക്കൂ, എന്റെ കൈയുടെ സൗഷ്ഠവത്തിൽ എനിക്കു ലേശം അഭിമാനമൊക്കെ തോന്നി.''

ഒറ്റയ്ക്ക് കുന്നിൻമുകളിലേക്കു ഞാൻ നടക്കാൻ പോകുമ്പോൾ പിൻതുടരാൻ തുടങ്ങിയിരുന്ന ചെറുപ്പക്കാരനെ കൈകാര്യം ചെയ്തകഥപറഞ്ഞപ്പോഴും ഗോപാലകൃഷ്ണനുശുണ്ഠിവന്നു.

എന്റെ ജീൻസിൽനിന്നും ടീഷർട്ടിൽനിന്നും അയാൾ കണ്ണെടുത്തിരുന്നില്ല. ഒരു നിഴൽപോലെ അയാൾ കൂട്ടുനടപ്പ് തുടങ്ങിയപ്പോൾ എനിക്കു ശുണ്ഠി വന്നു. ഒററ്ക്കു നടക്കുന്നതിന്റെ രസം മുഴുവൻ കളയുന്ന അരസികൻ. പറച്ചിലിലൊന്നും തനിക്കു യാതൊരു വിശ്വാസവുമുണ്ടായിരുന്നില്ല.ബലാൽസംഗക്കേസിൽ വിധി പറയുമ്പോൾ ജഡ്ജി പറയാറില്ലേ, സ്ത്രികളുടെ  വിസമ്മതം പലപ്പോഴും ഇക്കാര്യങ്ങളിൽ സമ്മതമായിട്ടാണ് എടുക്കേണ്ടതെന്ന്. അതിനാൽ വിസമ്മതമൊന്നും പറയാതെ അടുത്ത ദിവസം മുതൽ നെറുകയിൽ നിറയെ സിന്ദൂരവും കഴുത്തിൽ ഒരു വലിയ മംഗല്യസുതവുംഅണിഞ്ഞ്നടക്കാനിറങ്ങി തുടങ്ങി. മൂന്നാം ദിവസം മുതൽ അയാൾ പിന്നാലെ വരാതെയായി. ജീൻസും നെറുകനിറച്ച് സിന്ദൂരവും. ആ രൂപം ഓർക്കുമ്പോൾ തന്നെ ചിരി വരുന്നു.

''നെറുകയിലെ സിന്ദൂരത്തിനും കഴുത്തിലെ മംഗല്യസൂത്രത്തിനും ഉള്ള പരിശുദ്ധിയെ ഇങ്ങനെ ചവിട്ടിത്തേക്കരുത്.'' ഗോപാലകൃഷ്ണൻപരിഭവിച്ചു. ''കള്ളത്താലികഴുത്തിലണിയുകയോ!''

തനിക്കു ചുട്ടാൽ കുട്ടി ചുവട്ടിൽ എന്നു കേട്ടിട്ടില്ലേ ? ഗോപാലകൃഷ്ണനെ സമാധാനിപ്പിക്കാൻ ഞാൻ പറഞ്ഞു: '''ഞാനൊരു പൊടിക്കൈ നോക്കിയത്ആണ്ആത്മരക്ഷയ്ക്ക്.''

ദൈവത്തിന്റെ വഴികൾ പല വിധം എന്ന് എനിക്കു ബോധ്യമായത് ഞാനും ഗോപാലകൃഷ്ണനും അടുത്തതോടെയാണ്.

റയിൽവേ ട്രാക്കിൽ വെള്ളംകയറിവണ്ടികൾനിലച്ചഒരിരുണ്ടസായാഹ്നത്തിലാണ്ഞങ്ങൾആദ്യമായി കണ്ടുമുട്ടിയത്. ഓഫീസിൽ നിന്നു വീട്ടിലെത്താൻ യാതൊരുവാഹനവും കിട്ടാതെ പരക്കം പാഞ്ഞിരുന്ന തന്നെ നാലു പേർ പങ്കിട്ട ഒരു ടാക്സിയിലേക്ക് ഗോപാലകൃഷ്ണൻ ദയാപൂർവം വിളിച്ചു കയറ്റി. ഗോപാലകൃഷ്ണൻ എന്റെ തൊട്ടുടുത്താണ് ഇരുന്നിരുന്നത്. കുണ്ടിലും കുഴിയിലും തട്ടിയും മുട്ടിയും കോരിച്ചൊരിയുന്ന മഴയത്ത് കുലുങ്ങിച്ചെരിഞ്ഞ് ഓടിക്കൊണ്ടരിന്ന കാറിൽ എന്റെ ദേഹത്ത് മുട്ടാതിരിക്കാൻ അദ്ദേഹം ആവുംവിധം ശ്രമിച്ചുകൊണ്ടിരുന്നു. വീട്ടിലെത്തുമ്പോഴേക്കും ഗോപാലകൃഷ്ണൻനായുടെ മൊറാലിറ്റി എനിക്കു ബോധ്യമായി.

''ഈ രാത്രി ഒറ്റയ്ക്ക്... ഞാൻ വീട്ടിൽ കൊണ്ടുവിടാം.'' കാറിൽ നിന്നിറങ്ങിയതും ഗോപാലകൃഷ്ണൻ പറഞ്ഞു. എന്റെ പേയിംഗ് ഗസ്റ്റ് വാസസ്ഥലം ഗോപാലകൃഷ്ണൻ കണ്ടത് അങ്ങനെയാണ്. പിന്നെ വഴിയിൽ കണ്ടപ്പോൾകൈമാറിയപരിചയത്തിന്റെചിരികൾ.

ഗോപാലകൃണ്ൻഎന്നെക്കാത്ത്ബസ്സ്റ്റോപ്പിൽ കൃത്യസമയത്ത്നിൽക്കാൻ തുടങ്ങിയപ്പോൾആദ്യം അമ്പരപ്പാണു തോന്നിയത്.  പിന്നെ തലമുടി നരയ്ക്കാൻ തുടങ്ങിയിട്ടുണ്ടോ എന്ന ഭീതിയോടെ കണ്ണാടിയുടെ മുൻപിൽനിന്നു.

നരകയറിയ ചെന്നിയിൽ അമർത്തിത്തുടച്ച് 'വഴിക്ക് ഒരു കൂട്ടായല്ലോ എന്നു വിചാരിച്ചു' എന്നു ഗോപാലകൃഷ്ണൻ പറഞ്ഞപ്പോൾ ഒരു കീറ് ഇളവെയിൽ പോലെ എന്തോ ഒന്ന് മനസ്സിലേക്കു കയറിയത് ഇന്നു മോർമ്മയുണ്ട്. ഗോപാലകൃഷ്ണൻ, ഒരു പാരഫർണേലിയയും കൂടാതെ വീടിന്റെ വാതിൽക്കൽവച്ച് തന്റെ കൈ സ്നേഹത്തോടെ പിടിച്ചമർത്തി. എനിക്കു സന്തോഷം തോന്നി. ആണുങ്ങളായാൽ ഇങ്ങനെ വേണം.ഞാൻസ്വയംപറഞ്ഞു.

മൂന്നാം ദിവസമാണ് ഗോപാലകൃഷ്ണൻവീടുമാറ്റത്തെക്കുറിച്ച് പറഞ്ഞത്. ഒറ്റയ്ക്കൊരു വീട്ടിലായാൽ വാടകജാസ്തികൊടുക്കണം.

''വേണ്ട''ഞാൻഒരുചിരിയോടെപറഞ്ഞു:''അൽബർട്ട്എന്നെഒന്നും ചെയ്യില്ല.''

ഗോപാലകൃഷ്ണന്റെ മുഖത്തെ അസന്തോഷം എനിക്കു മനസ്സിലായി. പക്ഷേ, വാടക അതേപോലെ

തന്നെഗൗരവമുള്ള പ്രശ്നമായിരുന്നുഎനിക്ക്.ഞാൻആഅസന്തുഷ്ടികണ്ടില്ലെന്നുനടിച്ചു.

എനിക്ക്അലോട്ട്ചെയ്തവീടിന്റെകടലാസുകളുമായിട്ടാണ്പിന്നെഗോപാലകൃഷ്ണൻവന്നത്.

''ലീനയ്ക്ക്ഈലോകത്തെക്കുറിച്ചൊന്നുമറിഞ്ഞുകൂടാ.''

സ്നേഹവുംഅധികാരവും ഗോപാലകൃഷ്ണൻശബ്ദത്തിൽകലർത്തി.

''വാടക അധികം വരുന്നതു ഞാൻ കൊടുത്തോളാം.'' മാസാവസാനം ഈ അധികം ചോദിക്കാൻ എനിക്കു പക്ഷേ, മടിയായി. ഞാൻ ചോദിക്കാതെ വെറും പത്തുനൂറുറുപ്പിക എങ്ങനെ തരുമെന്ന് ഗോപാലകൃഷ്ണനും അന്തിച്ചിരിക്കണം. ആൽബർട്ടിന്റെ വീട്ടിലേക്ക് മടങ്ങിപ്പോയാലോ എന്നു രണ്ടുതവണ ആലോചിച്ചു.

ഇതിനൊക്കെ ഇടയിൽ ഗോപാലകൃഷ്ണൻ എന്റെ വീട്ടിൽ ധാരാളം വരികയും ഒരുപാടു സഹായങ്ങൾ ചെയ്യുകയും ചെയ്തു. കുപ്പായം തൂക്കാനുള്ളആണിയടിക്കുക, വെള്ളം ശേഖരിച്ചുവയ്ക്കാനുള്ള ഡ്രം കുറഞ്ഞ വലിയ്ക്കു സംഘടിപ്പിക്കുക, ഉയരത്തിൽ അഴ കെട്ടിത്തരിക, പഴയ പേപ്പർ കൊണ്ടുപോയി വിൽക്കുക തുടങ്ങി പലതും. ഓഫീസിലെ ചിലർ ഒളിഞ്ഞുനോക്കിത്തുടങ്ങി. ഗോപാലകൃഷ്ണന്റെ സുഹൃത്തുക്കളായ ശങ്കരയ്യരും കരുണാകരപ്പൊതുവാളും എന്നെക്കണ്ടാൽ ഉഷ്ണരൊഗമുള്ള ഒരു വേശ്യയെ കണ്ടതുപോലെ വഴിമാറി. ഹെഡ്ക്ളാർക്ക് സരസ്വതിയമ്മ ടീബ്രേക്കിന് കാൻറീനിൽ വരാതെ ചായ സ്വന്തം ടേബിളിൽ ഓർഡർ ചെയ്തു തുടങ്ങി.

''ഓരോ വേഷം കെട്ടി ഇറങ്ങും.'' നീണ്ട മുടി പിന്നിലേക്ക് തട്ടി, കണ്ണുകൾ അറപ്പൊടെ താഴ്ത്തി ഗീത പറഞ്ഞു. ''അയാളക്കൊരു ഭാര്യയുണ്ടെന്നെങ്കിലുംഇവളോർക്കണ്ടേ ?''

''ഉണ്ട്, നോക്കൂ ലീന, അത്തരം പഴഞ്ചൻ ചിന്താരീതിയല്ല എനിക്ക്. രമ എന്റെ ഭാര്യ. വെറുമൊരു ഫോർമാലിറ്റിയാണ്എനിക്ക്ലീനയുമായുള്ളബന്ധം.പക്ഷേ...''

ആ വാചകം എന്തു പറഞ്ഞ് ഗോപാലകൃഷ്ണൻ മുഴുമിപ്പിക്കുമെന്നു ഞാൻ ആലോചിച്ചു നോക്കി. അതുംപറഞ്ഞ്ഗോപാലകൃഷ്ണനെബുദ്ധിമുണ്ടിക്കേണ്ടഎന്നുകരുതി.

വൈകിയ സന്ധ്യയിൽ സോഫയിൽ കിടന്ന് താനുണ്ടാക്കിക്കൊടുത്ത ടോസ്റ്റ് സാൻഡ്‌വിച്ച് കഴിക്കുമ്പോൾ ഗോപാലകൃഷ്ണൻപറയും:

''ഇപ്പോൾഇവിടെനിന്നെഴുന്നേറ്റു പോകണമല്ലോഎന്നോർക്കുമ്പോൾ...''

''പോകണ്ട''താൻപറയും.

''എനിക്ക് നിർബന്ധമില്ല. രമ കാത്തിരിക്കും... ഓരോ പ്രാന്ത്. എനിക്കു വിശ്വാസമുണ്ടായിട്ടല്ല. പക്ഷേ, വെറുതെഎന്തിനാണ്ഹർട്ട്ചെയ്യുന്നത്.നമ്മുടെആവശ്യംഅതൊന്നുമല്ലല്ലോ.''

''പിന്നെശങ്കരയ്യരുംഅയൽവക്കത്തുണ്ടല്ലോ...''

''അകത്തുള്ളകുപ്പിയിൽഎന്തണ്ടെന്നു നോക്കൂലീന...''

വാതിൽക്കൽ തിരിഞ്ഞുനിന്നു ഗോപാലകൃഷ്ണൻ. ആ തല്ലിപ്പൊളി പൊതുവാൾ കാത്തിരിക്കയാവും. ഇവിടെനിന്നു രണ്ടു മിനിറ്റെങ്കിൽ രണ്ടു മിനിറ്റ് നേരത്തേഎണീറ്റ് പോകാൻ തോന്നുന്നുമില്ല.

ആൽബർട്ട് ക്രിസ്മസിന് എനിക്കു കൊണ്ടുതന്ന ഒന്നാംതരം വിദേശക്കുപ്പി കൊടുക്കാൻ എനിക്കു യാതൊരു താത്പര്യവും ഉണ്ടായിരുന്നില്ല. അതും എന്നെക്കാണ്ടാൽ മുഖം തിരിക്കുന്ന പൊതുവാളിന് കുടിക്കാൻ. ഇടയ്ക്ക് ഒറ്റയ്ക്കിരുന്ന് സിപ്പ്ചെയ്യാൻ എനിക്കിഷ്ടമാണെന്ന് ഗോപാലകൃഷ്ണനോടു പണ്ടേ പറഞ്ഞട്ടുള്ളതാണ്. അതെന്റെ കൈയിൽനിന്നു വീണു പൊട്ടിപ്പോയി' ഞാൻ പറഞ്ഞു. ഗോപാലകൃഷ്ണൻ പുറത്തുനിന്നുവാങ്ങിക്കോളൂ.

കട്ടിലിന്റെ തലയ്ക്കൽ ഇരിക്കുന്നതു ഞാനിന്നുകൂടി കണ്ടല്ലോ. ലീന ചീത്ത സ്വഭാവങ്ങൾ എന്തിനാ തുടരുന്നത്?

ഗോപാലകൃഷ്ണൻഎന്തിനാണു കുടിക്കുന്നത് ? പുന്നാര പൊതുവാൾഎന്തിനാമോന്തുന്നത് ? കുപ്പി ശബ്ദത്തോടെ മേശപ്പുറത്തുവച്ചുലീനവർഗീസെന്നഞാൻചീറി:ഒരുസ്നേഹിതൻ!

ഒന്നും മനസ്സിൽ എടുത്തുവയ്ക്കാത്ത ഒരു സ്വഭാവമായിരുന്നു ഗോപാലകൃഷ്ണന്. എല്ലാത്തിനും കാലം പ്രതിവിധി കാണും എന്നാണു ഗോപാലകൃഷ്ണൻ പറയാറ്. ഞാൻ ദേഷ്യപ്പെടുമ്പോൾ ഗോപാലകൃഷ്ണൻ തണുക്കും. മൂന്നാം ദിവസം പതിവുപോലെ വാതിൽക്കൽ ഹാജരാവും. ലീന വർഗീസെന്ന എനിക്ക് അതൊരു നല്ല സ്വഭാവമായിട്ടാണു തോന്നിയത്. പക്ഷേ,എന്റെസ്നേഹിതമേരിക്കുതിരിച്ചും. ഗോപാലകൃഷ്ണന്റെ ഭാര്യ ഒരു ദിവസം വീട്ടിൽ വന്ന്എന്നെഅന്വേഷിച്ചപ്പോൾ മേരിയുണ്ടായിരുന്നു വീട്ടിൽ. കൺകലങ്ങി കുങ്കുമപ്പൊട്ട് തേഞ്ഞ് അഴിഞ്ഞുലഞ്ഞ മുടിയുമായി ശങ്കരയ്യരെ കൂട്ടിനു വിളിച്ചാണു രമ വന്നത്. ടേപ്പ് റെക്കോർഡർ താൻ ഉടനെനിർത്തി. രമയെതാൻഅതുവരെകണ്ടിട്ടില്ലായിരുന്നു.

''ആരാണ്?''

''നിങ്ങളുടെകാമുകന്റെ ഭാര്യ.''

''നിങ്ങൾക്കു നാണമില്ലേ സ്ത്രീ?'' രമ ചീറി. കുടുംബിനിയുടെ സ്റ്റൈലിൽ തന്നെയായിരുന്നു രമ.

സാരിത്തലപ്പുകൊണ്ടുപുതച്ച് കൈത്തലങ്ങളും മുഖവും മാത്രംകാണാവുന്നവിധം.

ഇരിക്കൂ.ഞാൻപറഞ്ഞു.

''നിങ്ങളുടെ ഭർത്താവിനുള്ളതിനേക്കാൾ കൂടുതൽ ഉണ്ട്.'' മേരിയാണ് പറഞ്ഞത്. ''നിങ്ങൾക്കിവിടെ എന്താ കാര്യം? ഭർത്താവിനെ കാണാനില്ലെങ്കിൽ അയൽവക്കത്തെ പെണ്ണുങ്ങളുടെ വീട്ടിൽ അന്വേഷിച്ചു നടക്കാനും വേണംനാണം.''

മേരിക്കു ഗോപാലകൃഷ്ണനെ അത്ര പിടുത്തമല്ലായിരുന്നു. തന്റെ ബോണസ് ഗോപാലകൃഷ്ണനു നാട്ടിൽ പോകുമ്പോൾ കടം കൊടുത്തതോ ഒരു സ്കൂട്ടർ വാങ്ങാൻ താൻ സ്വരൂപിച്ചിരുന്ന പൈസയെടുത്ത് ഗോപാലകൃഷ്ണൻ സൊസൈറ്റി കടംതീർത്തതോ ഒന്നും മേരിക്കിഷ്ടമായിരുന്നില്ല. ഭാര്യയുടെ പണ്ടം വച്ചാണു കുട്ടിയെ ഹോസ്പിറ്റലിൽനിന്നു കൊണ്ടുവന്നതെന്നു ഗോപാലകൃഷ്ണൻ പറഞ്ഞതു പറഞ്ഞാൽ മേരിക്കു കലിയിളകും. തന്റെ ബോണസ് വാങ്ങി ഭാര്യയ്ക്ക് പണ്ടം പണിയുകയാണത്രേ ഗോപാലകൃഷ്ണൻ ചെയ്തത്. വഴക്കു മൂത്തപ്പോൾ പണ്ട്തരാമെന്നു പറഞ്ഞിരുന്നവീടിന്റെവാടകക്കൂടുതൽ താൻ ചോദിച്ചുവാങ്ങാമെന്നു പറഞ്ഞ മേരി ഗോപാലകൃഷ്ണനെകാണാൻപോയി.

''ലീനയ്ക്കു വേണോ ഈ നക്കാപിച്ച ?''പിറ്റേദിവസംവൈകുന്നേരം കണ്ടപ്പോൾ ഗോപാലകൃഷ്ണൻ അലറി. ''എനിക്കതു തരാൻകഴിവില്ലഎന്നുവിചാരിച്ചോ ? ലീനയെഅപമാനിക്കേണ്ടഎന്നുകരുതി...''

''വാടകഞാൻചേദിച്ചില്ലല്ലോ.''ഞാൻപറഞ്ഞു.

''എന്നാൽവക്കാലത്തുള്ള മേരിക്കുകൊടുക്കാം.''

'ആമേരിക്കു വേണമെങ്കിൽ കൊടുത്തോളൂ.''

ഒരു വെടിക്കു രണ്ടു പക്ഷി എന്നാണു മേരി ഗോപാലകൃഷ്ണന്റെ കള്ളക്കളിയെ പരാമർശിക്കാറ്. ''ലീനയുംലീനയുടെപണവും.''

ഗോപാലകൃഷ്ണന്റെ അമ്മയ്ക്ക് രോഗം അതികലശലായി ആശുപത്രിയിലാണെന്ന് പറഞ്ഞ് പതിനായിരം രൂപകടത്തിനുവന്നപ്പോൾതന്നെസഹായിക്കരുതെന്ന് മേരിആൽബർട്ടിനോടുപറഞ്ഞു.

മേരിയെവീട്ടിൽകടത്തരുതെന്ന് ഗോപാലകൃഷ്ണൻ.

''ഗോപാലകൃഷ്ണൻ ഇവിടെയുള്ളപ്പോൾ മേരി വരില്ല.'' ഒരു മധ്യസ്ഥം പോലെ ഞാൻ വിഷയം മാറ്റി. ''അല്ലാത്തപ്പോൾവരും.''

''വരണ്ട.''

''അത്വരും. മേരിഎന്റെസുഹൃത്താണ്.''

ശങ്കരയ്യരോടു കടം ചോദിക്കാം എന്നു പറഞ്ഞാണ് ഗോപാലകൃഷ്ണൻ ഇറങ്ങിയത്.അത് തന്റെ മനസ്സിൽകുറിക്കുകൊണ്ടു.

''ഇപ്പഴോ ഗോപാലകൃഷ്ണാ'' ആ പീറപ്പട്ടർ വെറ്റിലത്തുപ്പൽ നീട്ടിത്തുപ്പും. ''തന്റെ തള്ള പിടഞ്ഞു ചത്താൽഈതെറിച്ചവൾക്കെന്തു പോയി. ചെറ്റയ്ക്കു നക്കാൻകിട്ടണംഅത്രതന്നെ.''

''പത്തായിരം എന്നു വേണം ?'' ഞാൻ സൂക്ഷ്മതയോടെ ആരാഞ്ഞു. ''അമ്മയുടെ അടുത്തേക്ക് എന്നാണു പോകുന്നത്!''

''ലീനയ്ക്കെന്താതാത്പര്യം ? അമ്മേ,ഈമകന്റെകൈയിൽകാലണയില്ല.ഉണ്ടാക്കാൻ കൊള്ളുകയുമില്ല എന്നെഴുതിയാൽഅമ്മയ്ക്കു മനസ്സിലാകും.ലീനയ്ക്ക്അതുമനസ്സിലാവില്ല.''

ഞങ്ങളുടെ ജാതിയിൽ സ്ത്രീകൾ സ്വർണ്ണമണിയുമായിരുന്നില്ല. അതിനാൽ ഒരു വാച്ചല്ലാതെ എന്റെ കൈയിൽ ഒന്നും ഉണ്ടായിരുന്നില്ല. വൈകുന്നേരത്തെ ഏകാന്ത സവാരി കഴിഞ്ഞ് മടങ്ങുമ്പോൾ ഞാൻ മുഖത്തൊന്നുംകാണിക്കാതെ നേരെആൽബർട്ടിന്റെവീട്ടിലേക്കുകയറി.

''മേരി പറഞ്ഞിരുന്നു.'' തന്നെ കണ്ടതും ആൽബർട്ട് കൈയിലെ ഗ്ലാസ് തിരിച്ചും മറിച്ചും പിടിച്ച് പതുക്കെപറഞ്ഞു: ''ലീനയ്ക്കെന്തിനാപതിനായിരം രൂപാ ?''

ആൽബർട്ടാവട്ടെ മറ്റാരെങ്കിലുംമാവട്ടെഇത്തരം ചോദ്യങ്ങൾ ചേദിക്കുന്നത്എനിക്കിഷ്ടമായിരുന്നില്ല.

''കടലിലൊഴുക്കാൻഎന്നുവച്ചേക്കൂ.''ഞാൻഈർഷ്യയോടെപറഞ്ഞു:''ഉണ്ടോ ?''

''അതു മനസ്സിലാക്കിത്തന്നെയാ ചോദിച്ചത്.''

ആൽബർട്ടിന്റെശബ്ദമുയർന്നു: ''ബോണസ് തിരികെതന്നോ?''

ഒരു സ്നേഹബന്ധത്തെ നിലത്തിറക്കിക്കിടത്തുന്ന ചില മാനങ്ങൾ അതിനെ ആകെ നശിപ്പിക്കുന്നതായാണുഞാനറിഞ്ഞത്.ലീനവർഗീസിനു ദേഷ്യംവന്നു.

''കടം കൊടുത്തവർക്കല്ലേ തിരികെതരിക!ഞാൻദാനംചെയ്തതാണ്ആൽബർട്ട്.''

''കാമുകന്റെ ഭാര്യയ്ക്കുപണ്ടംപണിയാൻ?''

''ആദർശകാമുകിയാണ്ഞാൻഎന്ന്ആൽബർട്ടിന് ഇപ്പോൾ മനസ്സിലായല്ലോ.''

''കാശ്തരുന്നെങ്കിൽതരൂ.ലീനപറഞ്ഞവാക്കിനു മടക്കിത്തരും.''

''ആൽബർട്ടിനെ കുറച്ചുകൂടി കുടിപ്പിച്ചാൽ പണം തരാക്കാമെന്ന് എനിക്കറിയാമായിരുന്നു. രാത്രി 10

മണിക്ക്ഇരുട്ടിൽ തനിച്ച്ഞാൻഗോപാലകൃഷ്ണന്റെവീട്ടുവാതിലിൽ മുട്ടി.വാതിൽതുറന്നത്അയ്യരാണ്.

ഗോപാലകൃഷ്ണന്റെവീടിന്റെ ഉൾഭാഗംആദ്യമായിട്ടാണ്താൻകണ്ടത്.

ഭംഗിയുള്ള വില കൂടിയ മേശയ്ക്കു ചുറ്റും സോഫായിൽ പത്തു പന്ത്രണ്ടു പേർ ഇരുന്നിരുന്നു. എല്ലാവരുടെ കൈയിലും നിറഞ്ഞഗ്ളാസുകൾ.

ജീൻസിന്റെ പോക്കറ്റിൽ കൈയിട്ട്താൻവാതിൽക്കൽതന്നെ നിന്നു.

''കേറി കേറി വീട്ടിലുമെത്തിയോ ?'' ശങ്കരയ്യർ തന്റെ കൈയിലെ ഗ്ളാസ് ഉയർത്തി. മറ്റേ കൈകൊണ്ട് അഴിയാറായ മുണ്ടു മുറുക്കിപ്പിടിച്ച് വെറുപ്പോടെ വാതിലടയ്ക്കാൻ നോക്കി. മുറിയുടെ മൂലയിൽ ചൂരൽപീഠത്തിൽഇരുന്നിരുന്ന രമ ഉടൻ ഒരുകാറ്റുപോലെഎഴുന്നേറ്റ്അകത്തേക്കുപോയി.

''ഇതു ഗോപാലകൃഷ്ണന്റെ വീടല്ലേ!'' ശങ്കരയ്യരുടെ മുഖത്തു നിന്ന് കണ്ണെടുക്കാതെ താൻ കുറച്ചുകൂടി ഉള്ളിലേക്കു കടന്നു.ഗോപാലകൃഷ്ണൻ സ്തംഭിച്ചപോലെ ഇരുന്നിടത്തു നിന്നു ഗ്ളാസൊന്ന് അനക്കിപ്പിടിക്കുകപോലും ചെയ്യാതെ ഷർട്ടടാതെ കസേരയിൽ തന്നെ ഇരിപ്പാണ്. ''ഇതാ പണം.'' ടീപ്പോയിയുടെ മുകളിൽ പതിനായിരത്തിന്റെ കെട്ട് നാടകീയമായി നിക്ഷേപിച്ച് ഞാൻ മുടിയിലൂടെ വിരലോടിച്ചു. ''ലീനവിചാരിച്ചാലുംപതിനായിരമൊക്കെ ഉണ്ടാവുമെന്ന്ഇവരോടുപറഞ്ഞേക്കൂ.''

ഈ സമയത്തിനുള്ളിൽ, രമയായിരിക്കണം അകത്തുനിന്നു കരയാൻ തുടങ്ങിയിരുന്നു. കരുണാകരപ്പൊതുവാൾഎന്നെഅറപ്പോടെനോക്കിപെട്ടെന്നെഴുന്നേറ്റ്അകത്തേക്കുപോയി.

കസേരയുടെ മൂലയിൽ തൂക്കിയിട്ടിരുന്ന ഷർട്ട് ഇടാൻപോലും മറന്നു ഷോക്കേറ്റപോലെ ഇരുന്ന ഗോപാലകൃഷ്ണനോട് ഏറെ ദിവസങ്ങൾക്കുശേഷം സായാഹ്ന സവാരി കഴിഞ്ഞ് മടങ്ങുമ്പോൾ ലീന വർഗീസെന്നഞാൻചോദിച്ചു.

''അമ്മയ്ക്കുസുഖമായോ ഗോപാലകൃഷ്ണാ ?''

പണം കൊണ്ടുകൊടുത്ത വിവരം കേട്ട് ഒരാഴ്ചമേരി തിരിഞ്ഞു നോക്കിയില്ല. ആ ഒരാഴ്ചഗോപാലകൃഷ്ണനുംവന്നില്ല.

''ഒരെക്സിബിഷനിസം.'' വഴിയിൽ യാദൃച്ഛികമായി കണ്ടുമുട്ടിയ ദിവസം ഗോപാലകൃഷ്ണൻ വെറുപ്പോടെപറഞ്ഞിരുന്നു. ''എനിക്കിതിലൊന്നും വിശ്വാസമില്ല.ആർക്കാണ്ഇതുകൊണ്ടൊരുമെച്ചം!''

''എനിക്ക്.'' ലീന വർഗീസെന്ന ഞാൻ ചീറി. ഗോപാലകൃഷ്ണന് അത് മനസ്സിലാവില്ല. ശങ്കരയ്യരും പൊതുവാളും രമയും, 'ദി ഹോൾ റെച്ചഡ് ലോട്ട്', ഞാൻ ഗോപാലകൃഷ്ണനെപ്പറ്റിത്തിന്നുകയാണ് എന്നാണ് അവരുടെ വിചാരം. അതെനിക്കു തിരുത്തണം. പ്രത്യേകിച്ചു ഗോപാലകൃഷ്ണന്റെ ഭാര്യയുടെ മുന്നിൽ. പിന്നെ കിതപ്പടക്കിശബ്ദംതാഴ്ത്തിഞാൻചോദിച്ചു. ''അമ്മയ്ക്കുപണംഅയച്ചോ?''

അമ്മ ചാവാൻ കിടക്കുമ്പോൾ ദു:ഖം മറക്കാൻ നടത്തിയതാവും പാർട്ടി. മേരി വാതിൽ തള്ളിത്തുറന്ന് കട്ടിലിലേക്ക് വീണു കാലുയർത്തിവച്ച് അങ്ങോട്ടുമിങ്ങോട്ടും ആട്ടി. വായിലെ തുപ്പൽ കാർക്കിച്ചു തുപ്പി. ആൽബർട്ടിനെ, തനിക്കു പണം തന്നതിനു വേണ്ടുവോളം ചീത്ത പറഞ്ഞു. ഗോപാലകൃഷ്ണനെപ്പറ്റി ഒരു പ്രോജക്ട് ചെയ്യുന്ന നിഷ്കർഷയോടെ സംഘടിപ്പിച്ച നിരവധി 'ഇംപീക്കബിൾ എവിഡൻസസിൽ' ഒന്ന് ഗോപാലകൃഷ്ണന്റെ അമ്മ എട്ടു കൊല്ലം മുമ്പു മരിച്ചു പോയിരുന്നു എന്നതാണ്. അതിന്റെ ഔദ്യോഗിക തെളിവ് ഗോപാലകൃഷ്ണന്റെ പേഴ്സണൽ റെക്കോർഡിൽനിന്നു മേരികണ്ടെടുത്തുഹാജരാക്കി. വെള്ളത്തിൽ നിന്നാൽ കാലിലെ തൊലി ഉരിഞ്ഞു പൊകുന്ന രോഗം ഭാര്യയ്ക്കുള്ളതുകൊണ്ട് വാഷിങ്ങ് മെഷീൻ വാങ്ങാനാണത്രേ ഗോപാലകൃഷ്ണൻപണംഉപയോഗിച്ചത്.

''ഒന്നു നിർത്തു മേരി'' ഞാൻ പറഞ്ഞു: '' പതിനായിരം രൂപ മേരിയുടേതല്ലല്ലോ. ഞാനത് കടലിലൊഴുക്കയാലും തനിക്കു ചേതമൊന്നുമില്ല.''

പക്ഷേ, അമ്മയുടെ കാര്യം എന്റെ മനസ്സിൽ, തിരിഞ്ഞാലും മറിഞ്ഞാലും വേദനിപ്പിക്കുന്ന ഒരു മുള്ളുപോലെ കിടന്നു. സത്യത്തിൽ അമ്മ മരിച്ചിട്ടുണ്ടോഎന്നറിയാൻഎനിക്കു താത്പര്യമായി. രമയുടെ വീട്ടിൽ പണിയെടുക്കുന്നപണിക്കാരി പെൺകുട്ടിയെകാക്കപിടിക്കാൻഞാൻതീർച്ചയാക്കിയത്അങ്ങനെയാണ്.

''തള്ള ചത്തൂന്ന തീർച്ചയായാൽ മുഴുവനും ഇസ്കാലോന്നാണു നസ്രാണിച്ചിയുടെ പ്ളാൻ,'' ശങ്കരയ്യർ കാർക്കിച്ചുതുപ്പിയത്രേ.''ചെറ്റ,ഇങ്ങനെനക്കിത്തിന്നാൻഅവൾക്ക്ഈസാധുനെകിട്ടിയുള്ളു ?''

മലയോരത്ത് പതിവുപൊലെ വൈകുന്നേരം ഒറ്റയ്ക്ക് മലർന്നു കിടക്കികയായിരുന്ന എന്റെ അടുക്കൽ ഏറെ ദിവസങ്ങൾക്കുശേഷം ഗോപാലകൃഷ്ണൻ പ്രത്യക്ഷപ്പെട്ടപ്പോൾ അത്ഭുതമാണ് തോന്നിയത്. വീടു പൂട്ടിക്കണ്ടപ്പോൾ പരിഭ്രമിച്ച് മലയോരത്ത് വന്നതായിരുന്നു ഗോപാലകൃഷ്ണൻ.ആൽബർട്ടിന്റെ വീട്ടിലേക്കു ഞാൻ തിരിച്ചുപോയത് ഗോപാലകൃഷണ്നറിഞ്ഞിരുന്നില്ല. ഗോപാലകൃഷ്ണന്റെ അമ്മ മരിച്ചിരുന്നു എന്ന് വിവരമറിഞ്ഞതും ഞാൻ, സ്നേഹവും വിഷമവും കൊട്ണായിരിക്കണം നിർത്താതെ ഛർദ്ദിക്കാൻ തുടങ്ങിയിരുന്നു. പള്ളിയിൽ നിന്നു മടങ്ങിപ്പോവുകയായിരുന്ന ആൽബർട്ട് ഛർദ്ദിയുടെ അസഹ്യമായ നാറ്റംപിടിച്ച് ശബ്ദം ശ്രവിച്ച് എന്റെ വീട്ടിലെത്തി എന്നെ കൂട്ടിക്കൊണ്ടുപോയി. പക്ഷേ സ്വന്തം വീടെത്തുന്നതുവരെവായ്തുറക്കരുതെന്ന്ആൽബർട്ട്ആംഗ്യംകാട്ടി.

''പണം അടുത്തുതന്നെ തരാം.'' സ്കൂട്ടറിൽ ആൽബർട്ടിന്റെ ചമലിലേക്ക് ചാഞ്ഞിരിക്കുമ്പോൾ ഞാൻ പറഞ്ഞു. ''ഇപ്പോൾഎന്റെകയ്യിൽകാലണയില്ല.''

''വായ് തുറക്കണ്ട.'' ആൽബർട്ട് പറഞ്ഞു: ''ഛർദ്ദിക്കും. ഗോപാലകൃഷ്ണന്റെ അമ്മയുടെ ഉയർത്തെഴുന്നേല്പ്സമയത്ത്പണംതന്നാൽമതി.''

ഗോപാലകൃഷ്ണൻ പല തവണ സൂചിപ്പിച്ചതുപോലെ ഈ പണത്തിന്റെ പേരിൽ ആൽബർട്ട് എന്നെ ബലാൽസംഗം ചെയ്യുമോ എന്നു ഞാൻ ഒരു നിമിഷം ശങ്കിച്ചു. ഇനി ഇപ്പോൾ അതിൽ വലിയ വ്യത്യാസം ഉണ്ടായിട്ടല്ല.ബലാൽസംഗം ചെയ്യപ്പെടുന്നത് മനസ്സാണെങ്കിൽ പോലുംആദ്യത്തെ തവണ കഴിഞ്ഞാൽ വേദന സഹിക്കാനാവും.പിന്നെപണത്തിന്ഗോപാലകൃഷ്ണനോട് ചോദിക്കയല്ലാതെവഴിയുമില്ല.

പുൽത്തകിടിയിൽ ഇരുന്ന് എന്റെ വിരലിൽ തിരുപ്പിടിച്ചിരുന്ന ഗോപാലകൃഷ്ണന്റെ കൈ പതുക്കെ വിടുവിച്ച്ഞാൻപറഞ്ഞു.

''ആൽബർട്ടിന്റെ പണം കൊടുക്കാനുള്ള അവധി എന്നേ കഴിഞ്ഞു. പണം കൊണ്ടുവന്നതാണോ ഗോപാലകൃഷ്ണൻ?''

''പറഞ്ഞവാക്ക്മറക്കുന്നവനല്ല ഗോപാലകൃഷ്ണൻ,'' ഗോപാലകൃഷ്ണന്റെ മുഖം പെട്ടെന്നു മങ്ങി. '' എന്നാലുംവീടുമാറുമ്പോൾ ലീനയ്ക്ക്എന്നോടൊരുവാക്കുപറയാമായിരുന്നു.''

''ഞാൻ ഛർദ്ദിക്കുകയായിരുന്നു ഗോപാലകൃഷ്ണാ.'' കിടന്നിടത്തു നിന്ന് എഴുന്നേറ്റ് ഞാൻ നിവർന്നിരുന്നു. ''നിർത്താതെഛർദ്ദിക്കുകയായിരുന്നു.''

''ശരിയാണ്. ലീനയെ വേദനിപ്പിക്കേണ്ടന്നു കരുതി. തെറ്റെന്റേതു തന്നെ. എന്റെ ഭാര്യയുടെ നാഗിങ് ലീനയ്ക്കറിയില്ല. വാഷിങ് മെഷീൻ വാങ്ങാനാണ് പണംഎന്ന്എനിക്ക്ലീനയോട്പറയാൻ പറ്റുമോ ? മരിച്ച അമ്മയെ പോലും ഇതിലേക്കു വലിച്ചിഴതതുകൊണ്ടാണ്. ഞാനെടുക്കുന്ന ആ സ്വാതന്ത്ര്യം ലീനയ്ക്കു മനസ്സിലാ---''.

''ആൽബർട്ടിനു പണം കൊടുക്കണം.'' ഗോപാലകൃഷ്ണന്റെ മുഖത്തിനിന്നു കണ്ണെടുക്കാതെ ഞാൻ പറഞ്ഞു: ''ഇത്രസ്വാതന്ത്ര്യത്തിൽഞാൻമറ്റാരോടു ചോദിക്കാനാണ്?''

''എന്നുകൊടുക്കണംലീനയ്ക്ക്?''

''ഇന്നുതന്നെ.'' ഞാൻ പുൽത്തലപ്പുകടിച്ച് ഗോപാലകൃഷ്ണന്റെ കാൽവിരലിലൂടെ കൈയോടിച്ചു. ''പണം കൊടുക്കാഞ്ഞാൽആൽബർട്ട്എന്നെബലാൽസംഗംചെയ്താലോ...?''

''ഇന്നോ !''അമ്പരപ്പോടെ ഗോപാലകൃഷ്ണൻ.

''എനിക്കൊന്നുമില്ല.'' അലക്ഷ്യമായി ഞാൻ പറഞ്ഞു. ''പണ്ടൊരിക്കൽ ഗോപാലകൃഷ്ണൻ പറഞ്ഞതുപോലെ ഒറ്റത്തടിയായ എനിക്ക് നഷ്ടപ്പെടാൻ ഒന്നുമില്ല. പക്ഷേ ഗോപാലകൃഷ്ണന്റെ കാര്യം അതാണോ?എനിക്കെഴുതിയകത്തുകൾരമ കണ്ടാൽ...''

ഞാനിതൊക്കെപറയുമ്പോൾ,സത്യംപറഞ്ഞാൽകഥകളിലൊക്കെപറയാറുള്ളതുപോലെഎന്റെഉള്ള് വല്ലാതെനീറിയിരുന്നു.

ഒരു പ്രണയത്തിന്റെ --- മയിൽപ്പീലി പോലെ ജീവിതത്തിലേക്ക് പാറി വീണ ഒരു പ്രണയത്തിന്റെ --- ഭൗതികതലത്തിലുള്ള ദുരന്തം നോക്കൂ.ഞാനുംഗോപാലകൃഷ്ണനും ഇപ്പോൾസംസാരിക്കേണ്ടത് പൂക്കളെയും മോഹങ്ങളെയും കുറിച്ചാണ്.പകരംഒരുവെറുംപതിനായിരം രൂപയിലേക്ക്'കനകം മൂലംകാമിനി മൂലം'എന്ന പഴഞ്ചൊല്ലിലേക്കു ഞങ്ങൾ ആ മയിൽപ്പീലിയുടെ അറ്റങ്ങൾ തിരുകിവയ്ക്കുകയാണ്. ഗോപാലകൃഷ്ണൻ തന്നെ വിളിച്ച് ടാക്സിയിൽ കയറ്റിയിരുത്തിയ ദിവസം മാനം മുട്ടെ പറന്ന അതിന്റെ അറ്റങ്ങളെ ഇന്നു രണ്ടു പ്രണയ ലേഖനങ്ങൾ കത്രികപോലെ അരിയുകയാണ്. ഒരിളംകാറ്റുപോലെ ലോകം മുഴുവൻ പാറിനടന്ന ലീന വർഗീസെന്നഎന്നെകണ്ടാൽസാത്വികയായസരസ്വതിയമ്മകാർക്കിച്ചുതുപ്പുകയാണ്.

മയിൽപ്പീലികൾവാഷിങ് മെഷീനിൽകിടന്നുനിർത്താതെതിരിയുകയാണ്.

ഇതൊന്നുമല്ലല്ലോ ഗോപാലകൃഷ്ണാആദ്യംനാംതമ്മിൽതമ്മിൽചിരിച്ചപ്പോൾകണക്കാക്കിയത്?

ഇതാണുപറയുന്നത്,പാവംമാനവഹൃദയംഎന്ന്.

ഗോപാലകൃഷ്ണൻ മാറ്റംമേടിച്ച് പോയപ്പോൾഎന്റെപെട്ടിയിൽനിന്നുഗോപാലകൃഷ്ണന്റെ ഫോട്ടോ പുറത്തേക്കുവലിച്ചേറിഞ്ഞആൽബർട്ടിനോടുംഞാൻഇതുപറഞ്ഞു.

ചരിത്രം പക്ഷേ,ആവർത്തിക്കാനുള്ളതാണ്.